LIBRARY ARCHIVES Kerala Legislative Assembly

10,573 കുടുംബങ്ങൾക്കും രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ (2021) 1,12,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഇതുവരെ ഭക്ഷ്യക്കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ 57,833 ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരുന്നു.

(ബി) ചില കുടുംബങ്ങൾക്ക് ഇത് ലഭിക്കാതെ വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യകിറ്റ് വിതരണം നടന്നുവരുന്നത്.

(സി) ഈ ആനുകൂല്യം റേഷൻ കാർഡിനെ അടിസ്ഥാനമാക്കിയാണോ നൽകിവരുന്നത്; അല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കിറ്റുകൾ വിതരണം ചെയ്തുവരുന്നത്.

(ഡി) ഒരു വീട്ടിൽ തന്നെ താമസിക്കുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നതിന് പരിഹാരം കാണുമോ; വിശദമാക്കാമോ?

ഒന്നിലധികം കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുകയും പ്രത്യേകം റേഷൻ കാർഡ് ഉള്ളതുമായ എല്ലാ കുടുംബങ്ങൾക്കും ഫിഷറീസ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കിറ്റ് നൽകി വരുന്നുണ്ട്.

അടിച്ചിപ്പുഴ ആദിവാസി കോളനിയിലെ റേഷൻ വിതരണം

308 (3336) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളില്ലാത്ത പട്ടികവർഗ്ഗ മേഖലയായ അടിച്ചിപ്പുഴ ആദിവാസി കോളനിയിൽ റേഷൻ വിതരണം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആദിവാസി ഊരുകളിലെ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി ആദിവാസി കുടുംബങ്ങൾ ഉൾപ്പെടുന്ന മേഖലകളെ ബന്ധിപ്പിച്ച് മാസത്തിൽ 2 തവണ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' റാന്നി താലൂക്കിലെ അടിച്ചിപ്പുഴയിൽ 19-7-2021-ൽ ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

(ബി) ആദിവാസി മേഖലയിൽ ശിശുമരണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആദിവാസി യുവതികൾക്കും കുഞ്ഞുങ്ങൾക്കും റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരവും വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റേഷൻ കടകൾ മുഖേന സമൃഷ്ടീകരിച്ച അരി ഉൾപ്പെടെ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ആദിവാസി മേഖലയിലെ ജനങ്ങളുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ റേഷൻ സാധനങ്ങളോടൊപ്പം പോഷകാഹാരങ്ങൾ നിലവിൽ വിതരണം ചെയ്യുന്നില്ല. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യകിറ്റ് വിതരണം

309 (3337) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യക്കിറ്റുകൾ 2021 ജനുവരി മുതൽ വിതരണം ചെയ്യാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ അഗതി-അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള നാല് മാസങ്ങളിൽ പലവ്യഞ്ജനക്കിറ്റ് വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് നൽകുന്ന ലിസ്റ്റിൻ പ്രകാരം വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അതിനുശേഷം ക്ഷേമസ്ഥാപനങ്ങൾക്കുള്ള കിറ്റ് വിതരണം തുടരുവാൻ തീരുമാനം കൈക്കൊണ്ടിരുന്നില്ല. തുടർന്ന് 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ ക്ഷേമസ്ഥാപനങ്ങളിലും വിതരണം നടത്തുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിതരണം നടന്നുവരുകയും ചെയ്യുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് അഗതി-അനാഥ മന്ദിരങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly